**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 482 — 18.05.2017 -ൽ മറുപടിക്ക്

# സോഷ്യൽ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എം.കെ. മുനീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. പി. കെ. അബ്ദുറബ്ബ്<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) സോഷ്യൽ ടൂറിസം പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) സോഷ്യൽ ടൂറിസം പദ്ധതി പ്രകാരം വിനോദസഞ്ചാര വകുപ്പ് തിരുവനന്തപുരം ജില്ലയിലെ തോന്നക്കലിനടുത്തുള്ള പാണ്ഡവൻ മലയിലുള്ള ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റിൽ ഒരു ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ പ്രധാനമായും കലാകാരന്മാർക്കും മറ്റും താമസിക്കാൻ വേണ്ടി 24 കോട്ടേജുകളും (ഒന്നാം ഘട്ടം 12 ) കലാകാരന്മാരുടെ പരിശീലനത്തിനുള്ള ആംഫി തിയേറ്ററും ഉൾപ്പെടുന്നു. ഇതല്ലാതെ മറ്റ് സോഷ്യൽ ടൂറിസം പദ്ധതികൾ പ്രത്യേകമായി നിലവിലില്ല. |
| ബി) പ്രസ്തുത പദ്ധതിയിൽ, അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനതു കലാരൂപങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | ബി) ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. |
| സി) സോഷ്യൽ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | സി) ഇത്തരം പദ്ധതികളുടെ സാമൂഹികവീക്ഷണം ഉൾപ്പെടുന്നതും വകുപ്പ് നടപ്പിലാക്കുന്നതുമായ ബൃഹത് പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി. ഉത്തരവാദിത്ത ടൂറിസം പദ്ധതി 2007 മുതലാണ് കേരളത്തിൽ നടപ്പിലാക്കുവാൻ തുടങ്ങിയത്. 2008 മുതൽ കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നിവിടങ്ങളിൽ പദ്ധതിയുടെ പ്രാദേശികതല നിർവ്വഹണം ആരംഭിച്ചു. തുടർന്ന് 2012-ൽ ബേക്കൽ, |

കുമ്പളങ്ങി, അമ്പലവയൽ എന്നീ കേന്ദ്രങ്ങളെക്കൂടി പദ്ധതി പ്രവർത്തനത്തിൽ ഉൾപ്പെടുത്തി. 2014 ൽ മുസിരിസ് പദ്ധതി പ്രദേശത്തെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു.

2012-ൽ കേരളത്തിലെ 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി. 2014 ൽ 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനത്തിന്റെ ഭാഗമായി "ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം" എന്ന പേരിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. നിലവിൽ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം പൂർത്തിയായി വരുന്നു. സംസ്ഥാനത്താകെ ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനായി സത്വരമായ പ്രവർത്തനങ്ങൾ ഈ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിനായി റെസ്പോൺസിബിൾ ടൂറിസം മിഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. 2007-08 കാലഘട്ടം മുതൽ നാളിതുവരെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ നടത്തിപ്പിന് പത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം

| അവാർഡ് | കാലയളവ് | വിഭാഗം | ഡെസ്റ്റിനേഷൻ |
|---|---|---|---|
| നാഷണൽ ടൂറിസം അവാർഡ് | 2007-08 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | കേരളാടൂറിസം |
| നാഷണൽ ടൂറിസം അവാർഡ് | 2008-09 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | കുമരകം |
| പാറ്റാ ഗ്രാന്റ് അവാർഡ് | 2011 | പരിസ്ഥിതി | കുമരകം |
| നാഷണൽ ടൂറിസം അവാർഡ് | 2011-12 | ഏറ്റവും മികച്ച ഗ്രാമീണ ടൂറിസം പദ്ധതി | കുമരകം |
| നാഷണൽ ടൂറിസം അവാർഡ് | 2012-13 | സിവിക് മാനേജ്മെന്റ് ഓഫ് ടൂറിസ്റ്റ് ഡസ്റ്റിനേഷൻ (കാറ്റഗറി സി സിറ്റി) | കുമരകം |
| യു.എൻ.ഡബ്ല്യു.ടി.ഒ. ഉല്ലിസിസ് അവാർഡ് | 2013 | ഇന്നവേഷൻ ഇൻ പബ്ലിക് പോളിസി & ഗവേർണസ് | കുമരകം |
| പാറ്റാ ഗോൾഡ് അവാർഡ് | 2014 | കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി | കുമരകം |
| നാഷണൽ ടൂറിസം അവാർഡ് | 2013-14 | ഉത്തരവാദിത്ത ടൂറിസം പദ്ധതി - കുമരകം | തേക്കടി |
| പാറ്റാ സി.ഇ.ഒ. ചലഞ്ച് അവാർഡ് | 2015 | സെക്കന്റ് ടയർ & തേർഡ് ടയർ ടൗൺ/സിറ്റീസ് -തേക്കടി | തേക്കടി |
| നാഷണൽ ടൂറിസം അവാർഡ് | 2015-16 | ഉത്തരവാദിത്ത ടൂറിസം പദ്ധതി - വയനാട് | വയനാട് |

സെക്ഷൻ ഓഫീസർ